## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2499** **07.02.2019 -ൽ മറുപടിയ്ക്ക്**

### മൂന്നാർ ടൂറിസം മേഖലയ്ക്ക് ഉണർവ്

ചോദ്യം
ശ്രീ.പി.ടി. തോമസ് :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കാൽ നൂറ്റാണ്ടിന് ശേഷം ആദ്യമായി മൂന്നാറിൽ ഒരാഴ്ചയിലധികം കാലം തുടർച്ചയായ ദിവസങ്ങളിൽ താപനില പൂജ്യം ഡിഗ്രി സെൽഷ്യസിന് താഴെ എത്തിയത് മൂന്നാർ ടൂറിസം മേഖലയ്ക്ക് ഉണർവ് നൽകിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | മൂന്നാറിലെ തണുപ്പ് ബ്രാന്റ് ചെയ്യുന്നതിന് ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടി എന്തൊക്കെയാണ്; | ബി) | F.B, Twitter, Instagram എന്നീ സോഷ്യൽ മീഡിയകളിലൂടെ മൂന്നാറിലെ തണുപ്പ് കാലാവസ്ഥ ബ്രാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | പ്രളയത്തിൽ തകർന്ന മൂന്നാർ, സന്ദർശകർക്ക് സുരക്ഷിതമാണെന്ന സന്ദേശം നൽകുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) യും ഡി) യും | പ്രളയശേഷം മൂന്നാർ പ്രദേശത്തെ റോഡുകൾക്ക് തകരാറ് സംഭവിച്ചെങ്കിലും യുദ്ധകാലാടിസ്ഥാനത്തിൽ അവ ഉപയോഗക്ഷമമാക്കുകയായിരുന്നു. അതുകൊണ്ട് തന്നെ വിനോദസഞ്ചാരികളുടെ ഭാഗത്തു നിന്നും എന്തെങ്കിലും തരത്തിലുള്ള ആക്ഷേപം ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.മൂന്നാർ ഉൾപ്പടെയുള്ള വിനോദസഞ്ചാര മേഖലകളിൽ കൂടുതൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തികൊണ്ട് നവീകരിക്കുന്നതിനുതകുന്ന പദ്ധതികളാണ് വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |
| ഡി | എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് കൂടുതൽ വിനോദസഞ്ചാരികളെ മൂന്നാറിലേക്ക് ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ